## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **768** **10.02.2016**-ൽ മറുപടി നൽകേണ്ടിയിരുന്നത്

**'സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതി'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നടപ്പ് വർഷത്തെ ബഡ്ജറ്റിലെ സുപ്രധാന പദ്ധതികളിൽ ഒന്നായി പ്രഖ്യാപിച്ചിരുന്ന സമ്പൂർണ്ണ ആരോഗ്യ കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ ആരോഗ്യ കേരളം എന്ന പദ്ധതി നികുതി വകുപ്പ് "സമ്പൂർണ്ണ ആരോഗ്യ കേരളം ട്രസ്റ്റ്" വഴി നടപ്പാക്കുന്നത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് G.O(MS)No.06/16/TD dated 18.1.16. ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. പബ്ലിക് പ്രൈവറ്റ് പാർട്ട്നർഷിപ്പിൽ അംഗീകൃത ചികിത്സകൾക്കും, രോഗങ്ങൾക്കും ഗവൺമെന്റ്-സ്വകാര്യ ആരോഗ്യ മേഖലകളിലെ സ്ഥാപനങ്ങൾ വഴി അർഹരായ രോഗികൾക്ക് cashless ചികിത്സ ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കും രണ്ട്(2) ലക്ഷം രൂപ വരെ വാർഷിക ചികിത്സ ഇതിലൂടെ ലഭ്യമാകും.<br>RSBY, CHIS, CHIS PLUS, മറ്റ് ക്ഷേമ പദ്ധതികൾ എന്നിവയുടെ ഗുണഭോക്താക്കൾക്കും ഇതിന് അർഹതയുണ്ട്. തുടക്കത്തിൽ RSBY, KBF enlisted ആശുപത്രികൾ ആയിരിക്കും ഇതിൽ ഉൾപ്പെടുക. |
| (ബി) | ചിസ്, ചിസ് പ്ലസ്, ആർ.എസ്.ബി.വൈ. താലോലം, കാൻസർ, സുരക്ഷ,രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം, കാരുണ്യ | | ഇത് പൂർണ്ണമായി നടപ്പാകുമ്പോൾ ഗുണഭോക്താക്കൾക്ക് cashless ചികിത്സ പലയിടത്ത് ഓടി നടന്ന് ബുദ്ധിമുട്ടാതെ പല പദ്ധതികൾ തമ്മിൽ കലർന്നുണ്ടാകുന്ന |

| | | | |
|---|---|---|---|
| | ബെനവലന്റ് ഫണ്ട് വിവിധ ക്ഷേമനിധികളിൽ നിന്നുള്ള തുക ഇവയെല്ലാം ചേർത്ത് പുതിയ പേരിൽ ഒറ്റ പദ്ധതിയാക്കുന്നതു വഴി സംസ്ഥാനത്തെ ആരോഗ്യ പരിപാലന രംഗത്ത് എന്ത് ചലനമുണ്ടാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ; | | ബുദ്ധിമുട്ടുകൾ ഒഴിവാക്കി ചികിത്സാ സഹായം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഈ സ്കീമിൽ നിന്ന് ലഭിയ്ക്കുന്ന പണം സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് ട്രസ്റ്റിന്റെ നിബന്ധനകൾക്കനുസൃതമായി ഉപയോഗിക്കാൻ കഴിയും. |
| (സി) | പ്രസ്തുത പരിപാടി വഴി സ്വകാര്യ ആശുപത്രികളുടെ ആധിപത്യം കൊണ്ടുണ്ടാകുന്ന അനഭിലഷണീയ പ്രവണതകൾ കുറയ്ക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ; | (സി) | ട്രസ്റ്റിന്റെ ടെക്നിക്കൽ കമ്മിറ്റി, ചികിത്സാനിരക്കുകൾ CGHS ഉം, മറ്റുമായി താരതമ്യം ചെയ്ത് തീരുമാനിക്കുകയും ഇത് ഒരു പരിധിവരെ ചികിത്സാനിരക്ക് പിടിച്ചു നിർത്താൻ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു |
| (ഡി) | തിരുവനന്തപുരം ഉൾപ്പെടെയുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ആർ.ഐ. സ്കാൻ പോലുള്ള പരിശോധനയ്ക്കായി മാസങ്ങളോളം കാത്തിരിക്കേണ്ടി വരുന്നത് ഒഴിവാക്കാനായി സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങൾ ആവശ്യാനുസൃതം വാങ്ങുകയോ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യുന്നതിനുപരിയായി പദ്ധതി പേരു മാറ്റത്തിലൂടെഎന്ത് പ്രശ്നപരിഹാരമാണ് പ്രതീക്ഷിക്കുന്നത് | (ഡി) | ഈ പദ്ധതിയിലൂടെ ലഭിക്കുന്ന പണം സർക്കാർ സ്ഥാപങ്ങൾക്ക് നിബന്ധനകൾക്കനുസൃതമായി ഉപയോഗിക്കാൻ കഴിയുന്നതുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു |
| (ഇ) | വിവിധ പദ്ധതികളിൽ നിന്നുള്ള തുകയ്ക്കൊപ്പം ക്ഷേമനിധികളിൽ അംഗങ്ങൾ അംശദായമായി നല്കുന്ന തുകയും കാരുണ്യ ലോട്ടറികളിൽ നിന്നുള്ള തുകയും പ്രസ്തുത ആവശ്യത്തിനുള്ള ട്രസ്റ്റ്ഫണ്ടിൽ | (ഇ) | 18.01.2016 ലെ ഉത്തരവിലൂടെയാണ് പദ്ധതി നിലവിൽ വന്നത്. ആയതിനാൽ തന്നെ വിശദമായ വിലയിരുത്തലിനുള്ള സമയമായിട്ടില്ല. |

| | | | |
|---|---|---|---|
| | നിക്ഷേപിക്കുന്നതു വഴി ബജറ്റ് വിഹിതം പരിമിതപ്പെടുത്തി സർക്കാർ ട്രസ്റ്റി മാത്രമായി മാറുന്നത് ആരോഗ്യ മേഖലയെ ഏങ്ങിനെയൊക്കെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | | |

**സെക്ഷൻ ഓഫീസർ**